**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3234          18.10.2016-ൽ മറുപടിക്ക്

**കർഷകർക്ക് പലിശരഹിത വായ്പ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി. ഉണ്ണി:** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) നെൽക്കർഷകർക്ക് എത്ര രൂപ വരെ സഹകരണ സംഘങ്ങൾ പലിശ രഹിത വായ്പ അനുവദിക്കുന്നുണ്ട്; 1.7.2011 മുതൽ 31.5.2016 വരെ എത്ര രൂപ വായ്പ അനുവദിച്ചു; എത്ര നെൽകൃഷിക്കാർക്ക് ഇതിന്റെ ഗുണം ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (എ) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പരമാവധി 3 ലക്ഷം രൂപ വരെ സഹകരണ സംഘങ്ങൾ മുഖേന നെൽകൃഷിയ്ക്കായി പലിശ രഹിത വായ്പ അനുവദിക്കുന്നുണ്ട്.<br>01.07.2011 മുതൽ 31.05.2016 വരെ 97,582 നെൽകൃഷിക്കാർക്ക് 338,81,03,840/- രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്. |
| (ബി) നിലവിൽ ഏതെല്ലാം കൃഷികൾ ചെയ്യുന്നതിനാണ് സഹകരണ സംഘങ്ങൾ പലിശ രഹിത വായ്പ അനുവദിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) നെൽകൃഷിയ്ക്ക് പുറമെ രണ്ട് ഹെക്ടർ വരെ കൃഷി ഭൂമിയുള്ള കർഷകർ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ നിന്നെടുക്കുന്ന ഹ്രസ്വകാല കാർഷിക വിളകൾക്കുള്ള വായ്പകൾ പലിശരഹിത വായ്പയായി വിതരണം ചെയ്യുന്നു. ഇത്തരം വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ വായ്പയുടെ പലിശ ബാധ്യത സർക്കാർ വഹിക്കുന്നു. |

| | |
|---|---|
| (സി) "ജൈവ പച്ചക്കറി സ്വയംപര്യാപ്ത സംസ്ഥാനം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് സഹകരണ സംഘങ്ങൾ വഴി പലിശ രഹിത വായ്പ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) ജൈവ പച്ചക്കറി ഉൾപ്പെടെ ഹ്രസ്വകാല കാർഷിക വിളകൾ കൃഷി ചെയ്യുന്നതിനായി രണ്ട് ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നെടുക്കുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ആഭ്യന്തര പച്ചക്കറി കൃഷി വർദ്ധിപ്പിക്കുന്നതിനും വിഷമുക്തമായ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, വീട്ടുവളപ്പിൽ പച്ചക്കറി കൃഷി, മട്ടുപ്പാവിൽ പച്ചക്കറി കൃഷി, തരിശു ഭൂമിയിലെ പച്ചക്കറി കൃഷി എന്നിവയ്ക്കായി കർഷകർക്കും സ്വയം സഹായ സംഘങ്ങൾ/കുടുംബശ്രീ അയൽ ക്കൂട്ടങ്ങൾ എന്നിവർക്കും ഇത്തരം വായ്പകൾ വിതരണം ചെയ്യുന്നതിനും ഇതിനായി പഞ്ചായത്ത്, കൃഷി, സഹകരണ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**